# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2815 　　　　17/10/2016 -ൽ മറുപടിക്ക്

### സ്വകാര്യ ലാബുകളിലെ പരിശോധനാ നിരക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സ്വകാര്യ ലാബുകളിൽ ഒരേ പരിശോധനക്ക് വ്യത്യസ്ത നിരക്ക് ഈടാക്കുന്നു എന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; | എ) യും ബി) യും സി) യും | ഉണ്ട്. നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണ-ത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2016 ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ. |
| ബി) | ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | | |
| സി) | സ്വകാര്യ ലാബുകളിലെ പരിശോധനാ നിരക്ക് ഏകീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ